പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സമഗ്രമായ റോഡു സുരക്ഷാ പരിപാടികൾ നടത്തുന്നതിനും വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഒരു റോഡ് സേഫ്ടി അതോറിറ്റിയും, സുരക്ഷാ ഫണ്ടും രൂപീകരിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) ഉണ്ട്.

(ഇ) റോഡു വികസനം പൂർത്തിയാകുന്ന മുറയ്ക്ക് ഇതിന് പരിഹാരമാകുമെന്നാണ് പ്രതീക്ഷ.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ

* 17 [167] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:

,, കെ. കെ. ജയചന്ദ്രൻ:

,, എ. സി. മൊയ്തീൻ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അടിസ്ഥാന നികുതി, ഗ്രാന്റ്, വെഹിക്കിൾസ് ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ്, വസ്തുകൈമാറ്റ നികുതി, റൂറൽ പൂൾ ഗ്രാന്റ് എന്നീ ഇനങ്ങളിൽ എന്തു തുക വീതം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്ന പദ്ധതിയേതര ഗ്രാന്റുകൾ യഥാസമയം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള)

(എ) ഉണ്ട്.

(ബി) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 3½ ശതമാനം ജനറൽ പർപ്പസ് ഗ്രാന്റായി ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വസ്തു നികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വി.റ്റി.സി. ഗ്രാന്റിനത്തിലും വസ്തു കൈമാറ്റ നികുതി, അടിസ്ഥാന നികുതി എന്നിവയിൽ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകാൻ കുടിശ്ശിക ഒന്നും തന്നെയില്ല. റൂറൽ പൂൾ ഗ്രാന്റായി 2000-2001 വർഷത്തിൻ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകാനുണ്ടായിരുന്ന 26 കോടി രൂപയും, 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക 71,67,67,200 രൂപയും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മുനിസിപ്പൽ ഭരണ സ്ഥാപനങ്ങൾക്ക് വസ്തു കൈമാറ്റ നികുതി ഇനത്തിൽ, 31-3-2004-ലെ ഒരു ഗഡു കുടിശ്ശികയുണ്ട്. വി.റ്റി.സി. ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## സ്ത്രീ പീഡന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം

* 18 [168] ശ്രീ. പി. ജയരാജൻ:

ശ്രീമതി പി. കെ. ശ്രീമതിടീച്ചർ:

ശ്രീ. പീരപ്പൻകോട് മുരളി:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പെൺവാണിഭ കേസുകളും സ്ത്രീ പീഡന കേസുകളും കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പെൺവാണിഭ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിനും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി സംസ്ഥാനത്തെ വനിതാ സെല്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ തയ്യാറാകുമോ;

(ഇ) സ്ത്രീ പീഡനക്കേസുകളിൽ നീതിപൂർവകവും നിഷ്പക്ഷവുമായ അന്വേഷണം ഉണ്ടാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പോലീസ് പ്രതികളാകുന്ന സ്ത്രീ പീഡന കേസുകളിൽ പ്രതികൾ കുറ്റവിമുക്തരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസുകളിൽ പ്രതികളാകുന്ന എത്ര പോലീസുകാർക്കെതിരെ നിയമ നടപടികളും വകുപ്പുതല ശിക്ഷാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സ്ത്രീകളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തി ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly